# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5464** **18.11.2019-** ൽ മറുപടിയ്ക്ക്

### മരണാനന്തര ധനസഹായം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ ചെറുവട്ടൂർ സ്വദേശി ആയ നൗഷാദ് ഗൾഫിൽ മരണമടഞ്ഞതിനെത്തുടർന്ന് നൗഷാദിന്റെ ഭാര്യ സബീന മരണാനന്തര സഹായത്തിനുവേണ്ടി നൽകിയ അപേക്ഷയിന്മേൽ മൂന്ന് വർഷം കഴിഞ്ഞിട്ടും തീരുമാനമെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ), ബി), സി) & ഡി) | ശ്രീമതി സബീന (കവലയ്ക്കൽ ചെറുവട്ടൂർ, എറണാകുളം) 3 വർഷങ്ങൾക്ക് മുമ്പ് നോർക്ക റൂട്ട്സ് വഴി സമർപ്പിച്ച എന്ന് പറയുന്ന അപേക്ഷ സർക്കാരിൽ ലഭ്യമായതായി കണ്ടില്ല. തുടർന്ന് ടിയാൾ സർക്കാരിൽ പരാതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സബീനയുടെ അപേക്ഷ സ്വീകരിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കാൻ നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് പുതിയ അപേക്ഷ സർക്കാരിൽ ലഭിക്കുകയും ടിയാൾക്ക് ഒരു ലക്ഷം രൂപ മരണാനന്തര ധനസഹായമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | മരണാനന്തര ആനുകൂല്യത്തിനായി ശ്രീമതി സബീന പുതിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | |
| സി) | ഇതുസംബന്ധിച്ച് എൻ.ആർ.എഫ്/3825 എന്ന നമ്പരിലുള്ള അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | | |
| ഡി) | ശ്രീമതി സബീനയ്ക്ക് മേൽപ്പറഞ്ഞ മരണാനന്തര സഹായം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**